**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2457** **02-08-2021 - ൽ മറുപടിയ്ക്ക്**

**മലബാർ റിവർ ക്രൂയിസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. യു.എ.ലത്തീഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദ സഞ്ചാര വകുപ്പ് മലനാട് മലബാർ റിവർ ക്രൂയിസ് എന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന സർക്കാർ മലനാട് മലബാർ റിവർ ക്രൂയിസ് എന്ന പദ്ധതിയ്ക്ക് വേണ്ടി 57,75,48,482/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 34,93,54,429/- രൂപ ചെലവഴിച്ചു. ഈ പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ 80.37 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഇതുവരെ 5,93,22,805/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് അറിയിക്കുമോ; ഇതിൽ എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാന സർക്കാർ മലനാട് മലബാർ റിവർ ക്രൂയിസ് എന്ന പദ്ധതിയ്ക്ക് വേണ്ടി 57,75,48,482/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 34,93,54,429/- രൂപ ചെലവഴിച്ചു. ഈ പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ 80.37 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഇതുവരെ 5,93,22,805/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | മലബാർ പ്രദേശത്തെ ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം വെളിപ്പെടുത്തുമോ; | (സി) | കണ്ണൂർ - കാസർഗോഡ് ജില്ലകളിലെ പ്രധാന നദീതീരങ്ങളിലാണ് പദ്ധതിയുമായി ബന്ധപ്പെട്ട ബോട്ട് ജെട്ടികൾ / ടെർമിനലുകൾ എന്നിവ നിർമ്മിച്ചിരിക്കുന്നത്. റിവർക്രൂയിസ് പദ്ധതിയായതിനാൽ നദികളിലൂടെയുള്ള സഞ്ചാര യോഗ്യത കണക്കിലെടുത്ത് കൊണ്ടാണ് പദ്ധതി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. |
| (ഡി) | പ്രകൃതി രമണീയവും ചരിത്ര പ്രാധാന്യവുമുള്ള മലബാറിലെ കൂടുതൽ പ്രദേശങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കൂടുതൽ പ്രദേശങ്ങൾ ഇതിന്റെ ഭാഗമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ